# പതിനാലാം കേരള നിയമസഭ
# (പതിനഞ്ചാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:6167 04.07.2019-ൽ മറുപടിയ്ക്ക്**

## രാസവസ്തുക്കൾ ചേർക്കാത്ത മത്സ്യം കേടുകൂടാതെ ഉപഭോക്താക്കൾക്കെത്തിക്കുന്നതിന് പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ.കെ. ദാസൻ<br>ശ്രീ. വി. ജോയി<br>ശ്രീ. കെ.ജെ. മാക്സി | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) സംസ്ഥാനത്തെ ജനങ്ങളിൽ എൺപത് ശതമാനത്തോളം മത്സ്യാഹാരികൾ ആയിരിക്കുന്നതിനാൽ പുറത്തുനിന്ന് കൊണ്ടുവരുന്നതും സംസ്ഥാനത്ത് പിടിക്കുന്നതുമായ മത്സ്യങ്ങളിൽ വ്യാപകമായ തോതിൽ മാരക രാസവസ്തുക്കൾ ചേർക്കുന്നത് സൃഷ്ടിക്കാനിടയുള്ള പ്രത്യാഘാതം കണക്കിലെടുത്ത് രാസവസ്തുക്കൾ ചേർക്കാത്ത മത്സ്യം കേടുകൂടാതെ ഉപഭോക്താക്കൾക്കെത്തിക്കുന്നതിന് പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കാമോ; | എ) ഗുണമേൻമയുള്ളതും ശുചിത്വപൂർണ്ണവുമായ മത്സ്യങ്ങളാണ് വിപണിയിലെത്തുന്നതെന്ന് ഉറപ്പു വരുത്തുവാൻ ഭക്ഷ്യസുരക്ഷാ വകുപ്പും ഫിഷറീസ് വകുപ്പും സംയുക്തമായി ജില്ലകൾതോറും രൂപീകരിച്ച ടാസ്ക് ഫോഴ്സിന്റെ പ്രവർത്തനം സംസ്ഥാനത്ത് എല്ലാ ജില്ലകളിലും കാര്യക്ഷമമായി നടന്നുവരുന്നു. സിഫ്റ്റിന്റെ സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി അമോണിയ, ഫോർമാലിൻ എന്നിവ കണ്ടെത്തുന്നതിന് നിർമ്മിച്ച പേപ്പർ സ്ട്രിപ്പ് ഉപയോഗിച്ച് ഉപഭോക്താക്കൾക്ക് മത്സ്യത്തിന്റെ ഗുണമേന്മ വിലയിരുത്താവുന്നതാണ്. സംസ്ഥാനത്തിന് പുറത്ത് നിന്ന് വരുന്ന മത്സ്യങ്ങൾ ചെക്ക്പോസ്റ്റുകളിലും പരിശോധന നടത്തി വരുന്നു.<br><br>സംസ്ഥാനത്തെ മത്സ്യ വിപണിയിൽ ഇടപെടുക, സുരക്ഷിതവും, ഗുണനിലവാരമുള്ള മത്സ്യങ്ങളും, മത്സ്യ ഉൽപ്പന്നങ്ങളും ഗുണഭോക്താക്കൾക്ക് ശുചിത്വമുള്ള അന്തരീക്ഷത്തിൽ ലഭ്യമാക്കുക എന്നീ ഉദ്ദേശത്തോടു കൂടി മത്സ്യഫെഡിന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് 36 ഫിഷ് മാർട്ടുകൾ സ്ഥാപിച്ച് പ്രവർത്തിപ്പിച്ചു വരുന്നു. കൂടാതെ അന്നന്നുള്ള മത്സ്യം ഉപഭോക്താക്കൾക്ക് എത്തിക്കുന്നതിനായി 2 മൊബൈൽ ഫിഷ് മാർട്ടും പ്രവർത്തിച്ചു വരുന്നു. |

| | | | |
|---|---|---|---|
| ബി) | വിഴിഞ്ഞത്ത് ആരംഭിച്ചിട്ടുള്ള റെഡി ടു കുക്ക് മാതൃക സംസ്ഥാനത്ത് എല്ലായിട ത്തേക്കും വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നു ണ്ടോയെന്ന് അറിയിക്കാമോ; | ബി) | ഓഖി ദുരന്തബാധിതരായ മത്സ്യത്തൊഴിലാളി വിഭാഗത്തിന്റെ ജീവിത സാഹചര്യങ്ങൾ പുന സ്ഥാപിക്കുന്നതിനായി വിഴിഞ്ഞം തുറമുഖ പ്രദേശത്ത് 4 കോടി രൂപ അടങ്കൽ തുക വരുന്ന ഒരു ആധുനിക സമുദ്ര ഭക്ഷ്യ സംസ്കരണ യൂണിറ്റും, വിപണന ഔട്ട്ലെറ്റും ആരംഭിക്കു ന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. മാതൃക വ്യാപിപ്പിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. |
| സി) | മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന വരുടെയും ഉപഭോക്താക്കളുടെയും താല്പര്യം സംരക്ഷിക്കാൻ മത്സ്യത്തിന് തറവില നിശ്ചയിക്കാൻ പദ്ധതിയുണ്ടോ യെന്ന് വ്യക്തമാക്കാമോ; | സി) | മത്സ്യ ബന്ധനത്തിലേർപ്പെടുന്ന തൊഴിലാളി കൾക്ക് അവർ പിടിച്ചെടുക്കുന്ന മത്സ്യത്തിന് ന്യായ വില ലഭ്യമാകുന്നതിനും ഉപഭോക്താക്കൾക്ക് ഗുണ മേൻമയുള്ള മത്സ്യം ലഭ്യമാക്കുന്നതിനും ഉതകു മാറുള്ള നിയമനിർമ്മാണം പരിഗണനയിലാണ്. |
| ഡി) | പിടിക്കുന്ന മത്സ്യത്തിന്റെ അഞ്ചിലൊ ന്നോളം ഭാഗം വിതരണശൃംഖലയിൽ ഉപയോഗശൂന്യമായിത്തീരുന്നത് കണക്കിലെടുത്ത് ശീതീകരണശൃംഖല ഒരുക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടു ണ്ടോയെന്ന് വിശദമാക്കുമോ? | ഡി) | ശീതീകരണ ശൃംഖല ഒരുക്കുന്ന പദ്ധതി ആവി ഷ്ക്കരിച്ചിട്ടില്ല. എന്നിരുന്നാലും തീരദേശ വികസന കോർപ്പറേഷൻ മുഖേന ആധുനികവൽക്കരിച്ച 37 മാർക്കറ്റുകളിലും അധികം വരുന്ന മത്സ്യം സൂക്ഷി ക്കുന്നതിന് ശീതീകരണ സംവിധാനം ഒരുക്കിയിട്ടുണ്ട്. |

Sheeba

**സെക്ഷൻ ആഫീസർ**